പെരുങ്കടവിളയുടെ സമഗ്രവികസനം ജനകീയ ഇടപെടലിലൂടെ സാധ്യമാക്കുക എന്ന സന്ദേശത്തെ മുൻനിർത്തി നടപ്പാക്കുവാനാണ് 2023–24 വാർഷിക പദ്ധതി ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്. പഞ്ചായത്തിന്റെ സമഗ്ര വികസന മുന്നേറ്റം പൂർണ്ണമാക്കുന്നതിന് കാർഷിക ഉൽപ്പാദന മേഖലയിലൂന്നിയ പ്രവർത്തനവും പദ്ധതികളും വിഭാവനം ചെയ്യേണ്ടതായിട്ടുണ്ട്. അതിനോടൊപ്പം കഴിഞ്ഞ പദ്ധതി പ്രവർത്തനങ്ങളെ വിലയിരുത്തി മുന്നേറണ്ടതും അനിവാര്യമാണ്.

കഴിഞ്ഞ വാർഷിക പദ്ധതി ബജറ്റിൽ സൂചിപ്പിച്ചതു പ്രകാരം കേരഗ്രാമം പദ്ധതിയ്ക്കു വേണ്ടിയുള്ള തൈ ഉത്പ്പാദനം സാധ്യമാക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം നടപ്പാക്കുവാൻ കഴിഞ്ഞു. ആയത് പ്രകാരം 8000 തൈകൾ 4000 വീടുകളിലായി ലഭ്യമാക്കുവാൻ സാധിക്കുന്നതു വഴി ഒരു കാർഷിക സംസ്ക്കാരം പുനർജനിപ്പിക്കുവാൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസവും ഉണ്ട്.

ഹരിത ഗ്രാമം പദ്ധതി പ്രകാരം ഒരു വീട്ടിലേയ്ക്ക് ആവശ്യമുള്ള പച്ചക്കറി ലഭ്യമാക്കുന്നതിലൂടെ ഉത്പാദന വർദ്ധനവ് ഉണ്ടാകുകയും ഗ്രാമപഞ്ചായത്തിന്റെ വാർഡുകൾ കേന്ദ്രീകരിച്ച് ഒരു വാർഡിൽ ഒരു വിള എന്ന ഏകീകൃത സ്വഭാവത്തിലേക്ക് എത്തുന്നതിനും സ്വയം പര്യാപ്ത – വിഷരഹിത പച്ചക്കറി ഗ്രാമം ആയി മാറുകയും ചെയ്യുന്നു.

ഇറച്ചിക്കോഴി ഉത്പ്പാദനത്തിന് തുടക്കം കുറിയ്ക്കുന്നതിനും മുട്ട ഉത്പ്പാദനത്തിൽ 70% ൽ എത്തിച്ചേരുന്നതിനും നമുക്ക് സാധിച്ചു.

യുവതലമുറയുടെ കായിക സ്വപ്നങ്ങൾക്കു പകിട്ടേറുന്നതിനു വേണ്ടി ഇറിഗേഷന്റെ 1 ഏക്കർ 16 സെന്റിൽ കളിസ്ഥലം സാധ്യമാക്കുന്നതിലൂടെ മിനി സ്റ്റേഡിയം എന്ന സാധ്യതയിലേക്കു മുന്നേറുവാൻ കഴിഞ്ഞു. പഴമല ടർഫ് നിർമ്മാണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള സ്ഥലത്തിന് ഈ ബഡ്ജറ്റ് ലക്ഷ്യം വയ്ക്കണം.

പെരുങ്കടവിളയുടെ പെരുമ നിലനിർത്തുന്ന സാംസ്ക്കാരിക ഭൂമിക സൃഷ്ടിയ്ക്കുന്നതിന് പാണ്ഡവൻ പാറ അരുവിപ്പുറം വില്ലേജ് ടൂറിസം പദ്ധതിയുടെ ഉടമസ്ഥതയിലാണ്. പാണ്ഡവൻ പാറയുടെ 3 ഏക്കർ 11 സെന്റ് വസ്തു ഉടമയുമായി സിവിൽ കേസ് നിലനിൽക്കുന്നതിനാൽ അത് കോടതിയുടെ പരിഗണനയിലാണ്. ആയതിന്റെ പ്രവർത്തനങ്ങൾക്കും കാലതാമസം നേരിടുകയും ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആസ്തി വികസന രംഗത്തു ഒരു സുസ്ഥിരത നേടുവാനുതകുന്ന പ്രവർത്തനമാണ് മൾട്ടിപർപ്പസ് കൺവെൻഷൻ

സെന്റർ. അതിന്റെ പ്രവർത്തനത്തിന് 3 കോടി രൂപ കേരള ബഡ്ജറ്റിൽ അനുവദിക്കുകയും  ആവശ്യമായ സ്ഥലം സ്വന്തമാക്കുവാനും പാർക്കിംഗ് അനുബന്ധ പ്രവർത്തനങ്ങൾക്കു ആവശ്യമായ വസ്തു വാങ്ങുന്നതിനുള്ള തുടർ പ്രവർത്തങ്ങളിലേക്ക് കടക്കുന്നതിന് ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നു.

ആയുർവേദ ആശുപത്രിയിൽ ഒ.പി ലെവൽ ട്രീറ്റ്മെന്റ് സെന്റർ ആരംഭിക്കുന്നതിനു പുതിയ കെട്ടിടം നിർമ്മിയ്ക്കുന്നു. അതിനു ആവശ്യമായ വസ്തു വാങ്ങൽ ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നു.

നവോത്ഥാനത്തിന്റെ ജ്വലിക്കുന്ന ഓർമ്മകൾ സമ്മാനിക്കുന്ന അരുവിപ്പുറത്ത് സാംസ്ക്കാരിക കേന്ദ്രത്തിന് 50 ലക്ഷം രൂപ അനുവദിച്ചത് പ്രകാരം അതിന്റെ തുടർ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള നടപടികൾ ആരംഭിയ്ക്കുകയും അരുവിപ്പുറത്തു ഒരു കംഫർട് സ്റ്റേഷൻ ആരംഭിയ്ക്കുവാനും ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നു.

പെരുങ്കടവിളയിലെ വഴിയിട വിശ്രമ കേന്ദ്രം പണി പൂർത്തിയാക്കുകയും ഉദ്ഘാടന പ്രവർത്തനം മാത്രം പൂർത്തിയായാൽ പൊതുജനങ്ങൾക്കു കൈ മാറുവാനും സാധിക്കും.

ഹരിതാഭമായ ഗ്രാമം എന്ന സൃഷ്ടിയിലൂടെ മണ്ണിനേയും ജലത്തേയും സംരക്ഷിയ്ക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കു വേണ്ടി ജനകീയ മുന്നേറ്റത്തിന്റെ ഭാഗമായി കൈകൊണ്ട സമഗ്ര വികസന സാധ്യത മനസിലാക്കി 79 കോടിയുടെ ഡി.പി.ആർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

തടയണകൾ, ജൈവസംരക്ഷ ഭിത്തി, മാലിന്യ മുക്ത ജലസ്രോതസ്സുകൾ എന്നിവ സുസ്ഥിര സമീപനത്തിന്റെ ഭാഗമായി സാധ്യമാക്കാൻ ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു.

പ്രകൃതിയെ സന്തുലിതമാക്കി നിലനിർത്തുക എന്ന ലക്ഷ്യം മുൻനിർത്തി കാർബൺ ന്യൂട്രൽ ഗ്രാമപഞ്ചായത്ത് എന്ന പദ്ധതിയുടെ പൈലറ്റ് പഞ്ചായത്ത് ആയി തെരഞ്ഞെടുത്തിട്ടുണ്ട്. ടി പ്രവർത്തനത്തിനു വേണ്ടി പ്രാദേശിക ഭൂപ്രകൃതി കാലാവസ്ഥ ജനവാസം സാമൂഹിക സാഹചര്യങ്ങൾ എന്നിവ അനുസരിച്ചുള്ള പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടിയിരിക്കുന്നു.

ഭിന്നശേഷി സൗഹൃദമായ ഗ്രാമപഞ്ചായത്തും അവർക്കു വേണ്ട അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി "ബഡ്സ് സ്ക്കൂൾ" സാധ്യമാക്കുക എന്നതിന്ന്യൂന പക്ഷ ക്ഷേമ വകുപ്പിന്റെ പരിഗണനയിൽ ആണ്. സമീപകാലയളവിൽ അതിനുള്ള പൂർണത കൈവരിക്കുവാൻ കഴിയും.

വിദ്യാഭ്യാസ ഉന്നമനത്തിന് അടിസ്ഥാനപരമായ മുന്നേറ്റം ഉണ്ടാക്കി കൊടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഇടപെടൽ 90% പൂർണ്ണത കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തത്തിയൂർ എൽ.പി.എസ് ന്റെ അടിസ്ഥാന സൗകര്യം കൂടി മെച്ചപ്പെട്ടാൽ പൂർണ്ണതയിൽ എത്തുവാൻ കഴിയും. തത്തിയൂർ സ്ക്കൂൾ കെട്ടിടം പരിഗണനയിൽ ആണ്.

അംഗനവാടികളുടെ സമഗ്രവികസനം ലക്ഷ്യമിടുന്നതിന്റെ ഭാഗമായി ആദ്യഘട്ടം 5 അംഗനവാടികൾ സ്മാർട്ട് ആക്കുകയെന്നത് ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നു. ഘട്ടം ഘട്ടമായി 25 അംഗനവാടികളുടേയും പ്രവർത്തനം പൂർത്തിയാക്കുന്നത് വഴി അക്കാദമിക് നിലവാരം ഉയർത്തുവാനും സാധിക്കും.

വയോജന പരിപാലനത്തിൽ ശ്രദ്ധയമായ ഒരിടപെടൽ നടത്തുവാൻ കഴിഞ്ഞു. വയോജന സംഗമവും വിനോദയാത്രയും അവരുടെ മാനസിക ഉല്ലാസത്തിനും സർഗ്ഗാത്മകത വിളിച്ചോതുന്നതിനും കഴിഞ്ഞു. വയോജന പാർക്ക്, അവരുടെ ശേഷിയ്ക്കു അനുസൃതമായ കേന്ദ്രീകൃത വൈദഗ്ദ്യ സംവിധാനം എന്നിവ മെച്ചപ്പെടുത്തുന്നതിന് ഈ കാലയളവ് ഉദ്ദേശിക്കുന്നു.

ബാല സൗഹൃദ ഗ്രാമപഞ്ചായത്ത്, സംഗമം എന്നിവ നടത്തുകയും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്യുന്നുണ്ടെങ്കിലും ഒരു ഏകീകൃത സ്വഭാവത്തിലേക്കു എത്തുവാൻ സാധിച്ചിട്ടില്ല. വിവിധങ്ങളായ ടൂർണമെന്റ്, പഠനപ്രവർത്തനങ്ങൾ, ശാസ്ത്രാവബോധം, യാത്രകൾ, കലാകായിക സർഗ്ഗാത്മക ഇടങ്ങൾ എന്നിവ സൃഷ്ടിയ്ക്കുന്നതിനു ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

കാരുണ്യഗ്രാമം പദ്ധതിയിലൂടെ ജീവിതശൈലി രോഗങ്ങളിൽ നിന്ന് പൂർണമായും മുക്തി ലഭ്യമാക്കുക, വരും തലമുറയിലൂടെ കുടുംബത്തിന്റേയും ആരോഗ്യ പ്ലാൻ സജ്ജമാക്കി മുന്നേറുക. മൊബൈൽ ക്ലിനിക്കുകൾ സജ്ജമാക്കുക എന്നിവയിലൂടെ ഗ്രാമപഞ്ചായത്ത് സമഗ്ര ആരോഗ്യ വികസനം സാധ്യമാക്കുന്നത് വഴി ഓരോ കുടുംബത്തിന്റേയും ആരോഗ്യ പരിപാലനം അവനവന്റെ ഉത്തരവാദിത്വം എന്ന ചിന്തയിലേക്കു സമൂഹത്തെ എത്തിക്കുകയും ചെയ്യുന്നു.

ലൈഫ് ഭവന പദ്ധതി പ്രകാരം ഉള്ളവർക്ക് വീട് ലഭ്യമാക്കുക എന്നത് ലക്ഷ്യമിടുന്നു.

പട്ടികജാതി സർവ്വെ പൂർത്തിയായി. ഐ.എച്ച്.ഡി.പി ലക്ഷം വീട് കോളനികൾ എന്നിവയുടെ സമഗ്ര വികസനം സാധ്യമാക്കുക.

കേന്ദ്രീകൃത ശുചിത്വ–മാലിന്യ–സംസ്ക്കരണ സംവിധാനം കോളനി കേന്ദ്രീകരിച്ച് സജ്ജമാക്കും.

കുടുംബശ്രീയുടെ സമഗ്രവികസന സാധ്യതകളെ പരമാവധി ഉപയോഗിച്ച് മുന്നേറുന്നതിൽ ഗ്രാമപഞ്ചായത്ത് വിജയിക്കുന്നുണ്ട് എന്നതിന്റെ തെളിവാണ് രജത ജൂബിലി ആഘോഷത്തിലുണ്ടായ ജനകീയ കൂട്ടായ്മ. ഡോ.ഐസക് , സി രവീന്ദ്രനാഥ് എന്നിവർ പങ്കെടുത്ത സെമിനാർ, വനിതകൾക്ക് അപ്രാപ്യം എന്ന് കരുതിയ കായിക വിനോദത്തിലെ ഫുട്ബോൾ ടൂർണമെന്റ് ഇതൊക്കെ വരുംകാല പ്രവർത്തനങ്ങൾക്കു വലിയ ദിശബോധം നൽകുന്നു. തുടർ പ്രവർത്തനം എന്ന നിലയിൽ സംരംഭ ഗ്രാമം എന്ന ലക്ഷ്യം മുൻനിർത്തി എല്ലാവർക്കും തൊഴിൽ എന്ന ആശയം മുന്നോട്ടു വച്ച സംസ്ഥാന മിഷന്റെ സഹായത്തോടു കൂടി പുതിയ സംരംഭകരെ കണ്ടെത്താൻ ശ്രമിയ്ക്കുന്നു. ഇതിന്റെ തുടർച്ചയായി കാർഷിക സംരംഭ ഉത്പ്പാദന വിപണന കേന്ദ്രം സ്ഥാപിക്കാൻ ഈ ബഡ്ജറ്റ് ലക്ഷ്യമിടുന്നു.

അതി ദരിദ്രർ എന്നതിന്റെ പൂർത്തീകരണ ലക്ഷ്യത്തിന്റെ ആദ്യഘട്ടം എന്ന നിലയിൽ 46 പേരെ കണ്ടെത്തുകയും അടിയന്തര ആവശ്യം എന്ന നിലയിൽ വേണ്ട ഭക്ഷണം, ചികിത്സ എന്നിവ സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. ജീവനോപാധികൾ മറ്റ് മാർഗ്ഗങ്ങൾ എന്നിവ ലഭ്യമാക്കി ദാരിദ്രത്തിന്റെ ലഘൂകരണം സാധ്യമാക്കുവാൻ ഈ പദ്ധതി കാലയളവിൽ സാധ്യമാകും.

വായനാ ബോധത്തിന്റെയും അക്ഷര തലങ്ങൾ സൂക്ഷിയ്ക്കുന്നതിന് പുതിയ തലമുറയെ വൈജ്ഞാനിക സമ്പത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനു വേണ്ടി വീട്ടുമുറ്റത്തെ വായന എന്ന പദ്ധതി സാധ്യമാക്കുകയും ഗ്രന്ഥശാല യുവജനക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷൻ മറ്റ് സമിതികൾ എന്നിവയുടെ സംഘാടനത്തോടെ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാനും ലക്ഷ്യമിടുന്നു.

ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര വികസന ലക്ഷ്യം സാധ്യമാക്കുന്നതിന് വേണ്ട സമഗ്ര സാധ്യതകൾ പ്രയോജനപ്പെടുത്തുകയും പ്രാദേശിക വിഭവങ്ങളുടെ കോർത്തിണക്കൽ പ്രക്രിയ വഴി വിഭവ സമാഹരണത്തിലൂടെ സ്വാശ്രയ സുസ്ഥിര സ്വയംപര്യാപ്തമായ ഗ്രാമവും ശുചിത്വ ബോധത്തിന്റെ പ്രാഥമിക തലങ്ങളിലൂടെ സ്മാർട്ട് & ക്ലീൻ പെരുങ്കടവിളയും സാധ്യമാക്കും. വിഭവങ്ങളുടെ കേന്ദ്രീകൃത സംയോജനം സാധ്യതകൾ പൂർത്തിയാക്കുന്നതിന് ജനകീയ മുന്നേറ്റം ആവശ്യമാണ്. ഓരോ ജനപ്രതിനിധികളും നൽകിയ വിലയേറിയ സഹകരണവും നിർദ്ദേശവും

ആണ് ഈ ഒരു തയ്യാറെടുപ്പിലേക്കു നമ്മളെ എത്തിച്ചത്. തുടർന്നും സഹകരണം പ്രതീക്ഷിച്ചു വികസന യാഥാർത്ഥ്യത്തിലേക്കു നമുക്ക് ഒരുമിച്ച് സഞ്ചരിക്കാം.